ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 15.06.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. വിദേശ പര്യടനത്തിൻറെ രണ്ടാം പാദത്തിൽ സ്ലോവാക്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സ്ലോവാക് പ്രസിഡന്റുമായും പ്രധാനമന്ത്രിയുമായും ചർച്ചകൾ നടത്തും.

   Prime Minister Narendra Modi will hold talks with Slovak Prime Minister and President in Bratislava today.

2. 52-ാമത് ജി7 ഉച്ചകോടിക്ക് ഇന്ന് ഫ്രാൻസിൽ തുടക്കം. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ പങ്കെടുക്കും.

   The fifty-second G7 Summit will begin at Evian in France today. Prime Minister Narendra Modi will participate in the Outreach Sessions tomorrow.

3. കേരളത്തിൽ KSRTC ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിക്കുന്ന 'പ്രിയദർശിനി' പദ്ധതിക്ക് ഇന്ന് തുടക്കം.

   The 'Priyadarshini' scheme, which allows free travel for women and transgender people in KSRTC ordinary buses in Kerala, begins today.

4. സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതം. പുതിയ നിപ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ.

   Nipah prevention activities are in full swing in the state. Health Minister K. Muralidharan said that no new Nipah cases have been reported.

5. ഹോർമുസ് കടലിടുക്ക് തുറക്കാനുമുള്ള കരാറിന് അന്തിമരൂപം നൽകി യുഎസും ഇറാനും. യുദ്ധം ശാശ്വതമായി അവസാനിപ്പിക്കുമെന്ന് ഇറാൻ.

   The US and Iran finalised a deal to end their war. Iran said that the war and military operations on all fronts, will end permanently

6. ഐസിസി വനിതാ ട്വന്റി ട്വന്റി ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ഇന്ത്യക്ക് 64 റൺസ് ജയം. ഫിഫ ലോകകപ്പ് ഫുട്ബോളിൽ കുറാസോയെ പരാജയപ്പെടുത്തി ജർമ്മനി.

   India beat Pakistan by 64 runs in ICC Women's Twenty20 World Cup cricket. Germany defeated Curacao in FIFA World Cup football.

## PM-SLOVAKIA(INTRO)

വിദേശ പര്യടനത്തിന്റെ രണ്ടാം പാദത്തിൽ സ്ലോവാക്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സ്ലോവാക് പ്രസിഡന്റുമായും പ്രധാനമന്ത്രിയുമായും ചർച്ചകൾ നടത്തും.

*കൂടുതൽ വിവരങ്ങളുമായി സ്ലോവാക് റിപബ്ലിക്കിലെ ബ്രാട്ടിസ്ലാവയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...*

*(വോയിസ്)*

**PM - G7**

52-ാമത് ജി7 ഉച്ചകോടി ഇന്ന് ഫ്രാൻസിലെ ഇവിയനിൽ ആരംഭിക്കും. മൂന്ന് ദിവസമായി നടക്കുന്ന ഉച്ചകോടിയിൽ കാനഡ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി, ജപ്പാൻ, യുകെ, യുഎസ്, യൂറോപ്യൻ യൂണിയൻ എന്നീ അംഗ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. ഇതിനു പുറമെ ഇന്ത്യ, ബ്രസീൽ, ഈജിപ്റ്റ്, കെനിയ, ദക്ഷിണ കൊറിയ, ഖത്തർ, സൗദി അറേബ്യ, സിറിയ, ഉക്രെയ്ൻ, യുഎഇ എന്നി രാജ്യങ്ങളെ 'ഔട്ട്റീച്ച് പങ്കാളി രാജ്യങ്ങളായി' ഫ്രാൻസ് ക്ഷണിച്ചിട്ടുണ്ട്. 'പങ്കാളി രാജ്യം' എന്ന നിലയിൽ 13-ാം തവണയാണ് ഇന്ത്യ ജി7 ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഔട്ട്റീച്ച് സെഷനുകളിൽ പങ്കെടുക്കും.

**P M -FRANCE(INTRO)**

വ്യാപര-തന്ത്രപര പങ്കാളിത്തത്തിനപ്പുറം പൊതു താൽപ്പര്യങ്ങൾ പങ്കുവെച്ചുകൊണ്ടാണ് ഇന്ത്യ- ഫ്രാൻസ് ബന്ധം മുന്നോട്ടു പോകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഫ്രാൻസിലെ നീസിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. ***(ഹോൾഡ് വോയിസ് )*** പ്രതിരോധം, സാങ്കേതികവിദ്യ, വ്യാപാരം എന്നിവയുൾപ്പെടെ പ്രധാന മേഖലകളിൽ തന്ത്രപര പങ്കാളിത്തം വികസിപ്പിക്കുന്നതിനെക്കുറിച്ചും ഇരു രാജ്യങ്ങളുംചർച്ച ചെയ്തു.

## GOVT-12 YRS - INFRASTUCTURE

കഴിഞ്ഞ 12 വർഷത്തിനിടെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ പരിവർത്തനത്തിനാണ് ഇന്ത്യ സാക്ഷ്യം വഹിച്ചത്. ഈ കാലയളവിൽ മോദി സർക്കാർ ദരിദ്രർ, കർഷകർ, സ്ത്രീകൾ, യുവാക്കൾ എന്നിവരുടെ ക്ഷേമത്തിനും ശാക്തീകരണത്തിനുമായി നിരവധി പ്രമുഖ പദ്ധതികൾ നടപ്പിലാക്കി. 2047-ഓടെ ഇന്ത്യയെ വികസിത ഭാരതം ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആധുനിക അടിസ്ഥാന സൗകര്യനിർമ്മിതിക്കായി സർക്കാർ വിവിധ നടപടികളാണ് സ്വീകരിച്ചത് .അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള സർക്കാർ ചെലവുകൾ 2014-15ൽ 2

ലക്ഷം കോടി രൂപയായിരുന്നത് ഈ സാമ്പത്തിക വർഷത്തിൽ ആറിരട്ടി വർദ്ധിച്ച് 12.2 ലക്ഷം കോടി രൂപയായി ഉയർന്നു. ഇന്ത്യയിലെ മെട്രോ റെയിൽ ശൃംഖല അഞ്ചിരട്ടി വികസിച്ചത് നഗരങ്ങളെ കൂടുതൽ ബന്ധിപ്പിക്കുന്നതിനും സഹായിച്ചു.

## NTA-NEET UG ADMIT CARDS

NEET UG പുനഃപരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡുകൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. NTA യുടെ ഔദ്യോഗിക വെബ്സൈറ്റായ neet.nta.nic.in ൽ നിന്ന് അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യാം. ഈ മാസം 21 ന് ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 5:15 വരെയാണ് പരീക്ഷ . അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യുന്നതിന് മുമ്പ് റീഫണ്ടിനായി ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ പരിശോധിക്കണമെന്ന് NTA നിർദ്ദേശിച്ചു.

## CENSUS

2027 സെൻസസിന്റെ ഭാഗമായ സെൽഫ് എന്യൂമറേഷൻ സൗകര്യം കേരളത്തിൽ നാളെ മുതൽ ഈ മാസം 30 വരെ ലഭ്യമാകും. ജൂലൈ 1 മുതൽ 30 വരെയാണ് സെൻസസിന്റെ ഒന്നാം ഘട്ടം.

## NIPAH

കേരളത്തിൽ പുതിയ നിപ കേസുകൾ റിപ്പോർട്ട് ചെയ്യിട്ടില്ലെന്ന് ആരോഗ്യ മന്ത്രി കെ. മുരളിധരൻ. രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച 11 പേരുടെ പരിശോധനാഫലം നെഗറ്റീവായി. നിപ സ്ഥിരീകരിച്ച രാമനാട്ടുകര സ്വദേശി കോഴിക്കോട് മെഡിക്കൽ കോളേജിൽ വെന്റിലേറ്ററിൽ തുടരുകയാണ്.

## NIPAH- CENTRAL TEAM

നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എത്തിയ കേന്ദ്രസംഘം മേലേവാരം അർബൻ ഹെൽത്ത് സെൻറർ, രാമനാട്ടുകര നഗരസഭ കാര്യാലയം എന്നിവിടങ്ങളിൽ ആരോഗ്യ പ്രവർത്തകരുമായി ചർച്ച നടത്തി. നഗരസഭ പരിധിയിൽ രോഗി സന്ദർശിച്ച സ്ഥലങ്ങളിൽ വിശദമായി നിരീക്ഷണവും നടത്തി.

## PRIYADARSHINI-KERALA (INTRO)

കേരളത്തിൽ KSRTC ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിക്കുന്ന 'പ്രിയദർശിനി' പദ്ധതിക്ക് ഇന്ന് തുടക്കമാകും. തിരുവനന്തപുരം തമ്പാനൂർ ബസ്

ടെർമിനലിൽ രാവിലെ മുഖ്യമന്ത്രി വി.ഡി. സതീശൻ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും.

*(ഒരു റിപ്പോർട്ട് )*

❋❋❋❋❋❋❋❋❋❋❋❋❋

**PRIYADARSHINI-KERALA (VOICE)**

ആദ്യഘട്ടത്തിൽ കെ.എസ്.ആർ.ടി.സി.യുടെ 3,125 ഓർഡിനറി ബസുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും ഓർഡിനറി സർവീസുകളിൽ സൗജന്യ യാത്ര ലഭ്യമാകും. വരുമാനപരിധിയോ സാമൂഹിക പദവിയോ ഉൾപ്പെടെ യാതൊരു മാനദണ്ഡവും ബാധകമല്ല. പ്രത്യേക രജിസ്ട്രേഷനോ രേഖകളോ ആവശ്യമില്ല. യാത്രയ്ക്കിടെ കണ്ടക്ടറിൽ നിന്ന് 'സീറോ ടിക്കറ്റ്' അല്ലെങ്കിൽ 'പ്രിയദർശിനി' ടിക്കറ്റ് കൈപ്പറ്റിയാൽ മതിയാകും. ഇതുവഴി ഓരോ യാത്രയുടെയും കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുകയും സുതാര്യമായ കണക്കെടുപ്പ് ഉറപ്പാക്കുകയും ചെയ്യും. ഉദ്ഘാടന സർവീസിന്റെ ഡ്രൈവറും കണ്ടക്ടറും വനിതകളായിരിക്കും.

*(ന്യൂസ് ഡെസ്ക് ആകാശവാണി )*

❋❋❋❋❋❋❋❋❋❋❋❋❋

**IRAN - US DEAL**

ഇറാനിയൻ തുറമുഖങ്ങൾക്ക് മേലുള്ള നാവിക ഉപരോധം അമേരിക്ക അവസാനിപ്പിക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഹോർമുസ് കടലിടുക്ക് തുറക്കാനുമുള്ള കരാറിലും യുഎസും ഇറാനും അന്തിമരൂപം നൽകി. 107 ദിവസത്തെ യുദ്ധം അവസാനിപ്പിക്കാനും ആഗോള എണ്ണ വിതരണത്തിന്റെ അഞ്ചിലൊന്ന് ജലപാതയായ ഹോർമുസ് കടലിടുക്കിലൂടെ കടത്തിവിടാനും കരാർ വ്യക്തമാക്കുന്നു. ഈ മാസം 19 ന് സ്വിറ്റ്സർലൻഡിൽ കരാറിൽ ഒപ്പുവെക്കും. കരാർ ഔദ്യോഗികമായി ഒപ്പുവച്ചതിന് ശേഷം വെള്ളിയാഴ്ച ഹോർമുസ് കടലിടുക്ക് തുറക്കുമെന്ന് ട്രംപ് വ്യക്തമാക്കി. ലെബനൻ ഉൾപ്പെടെ എല്ലാ മേഖലകളിലെയും യുദ്ധവും സൈനിക നടപടികളും ഇന്ന് രാത്രി മുതൽ ശാശ്വതമായി അവസാനിക്കുമെന്ന് ഇറാന്റെ സുപ്രീം നാഷണൽ സെക്യൂരിറ്റി കൗൺസിൽ പറഞ്ഞു.

## FIFA WORLD CUP(INTRO)

ഫിഫ ലോകകപ്പിൽ ഇന്ന് മുൻ ചാമ്പ്യന്മാരായ സ്പെയിൻ തങ്ങളുടെ ആദ്യ മത്സരത്തിനിറങ്ങും. ലോകകപ്പിൽ ആദ്യമായി കളിക്കാനെത്തുന്ന കേപ് വെർദെയാണ് എതിരാളി. രാത്രി 9.30നാണ് മത്സരം. സ്വീഡനും ട്യുണീഷ്യയും തമ്മിലുള്ള മത്സരം അല്പസമയത്തിനകം ആരംഭിക്കും. ഗ്രൂപ്പ് ഇയിൽ ഇന്നലെ നടന്ന കളിയിൽ ജർമ്മനി, ലോകകപ്പിലെ

പുതുമുഖമായ കുറാസോയെ ഒന്നിനെതിരെ 7 ഗോളിന് പരാജയപ്പെടുത്തി.

***ആകാശവാണി പ്രതിനിധി സുരേഷ്ബാബു തയ്യാറാക്കിയ റിപ്പോർട്ട്......***

***(വോയിസ്)***

## WOMENS T20 WC CRICKET

ഐസിസി വനിതാ ട്വന്റി ട്വന്റി ലോകകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് എ യിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ. ഇന്നലെ ബർമിംഗ്ഹാമിൽ നടന്ന മത്സരത്തിൽ 64 റൺസിനാണു പാകിസ്ഥാൻ പരാജയപ്പെട്ടത് . ഇന്ത്യയുടെ 171 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പാകിസ്ഥാൻ 17 ഓവറിൽ 106 റൺസിന് എല്ലാവരും പുറത്തായി. 44 പന്തിൽ 68 റൺസ് നേടിയ സ്മൃതി മന്ദാനയാണ് ടോപ് സ്കോറർ. ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ, നെതർലൻഡ്സിനെതിരെ ബംഗ്ലാദേശ് ആറ് വിക്കറ്റ് വിജയം നേടി.

## SHIGELLA

ഷിഗെല്ല പ്രതിരോധ പ്രവർത്തനങ്ങൾ കർശനമാക്കിയതായി ആരോഗ്യ മന്ത്രി കെ മുരളീധരൻ. സംസ്ഥാനത്ത് ഇതുവരെ 135

ഷിഗെല്ല കേസുകളും 3 മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 'സ്റ്റോപ്പ് ഡയറിയ കാമ്പയിൻ ' നടത്തുന്നതായും, മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തിയതായും അദ്ദേഹം പറഞ്ഞു. സ്കൂളുകളിലെ കിണറുകളിൽ പരിശോധന നടത്തുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ നേതൃത്വത്തിൽ ഹോട്ടലുകളിൽ പ്രത്യേക പരിശോധനയ്ക്കും മന്ത്രി നിർദേശം നൽകി.

❋❋❋❋❋❋❋❋❋❋❋❋❋

## RAIN KERALA

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

❋❋❋❋❋❋❋❋❋❋❋❋❋

## ELDER ABUSE AWARENESS DAY

വയോജനങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയാൻ ഇന്ന് ലോക വയോജന അതിക്രമ വിരുദ്ധ ദിനം. സംസ്ഥാന തല ബോധവത്കരണ ദിനാചരണ പരിപാടി മുഖ്യമന്ത്രി VD. സതീശൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

❋❋❋❋❋❋❋❋❋❋❋❋❋

## INDIAN VESSEL-OMAN

ഇന്ത്യൻ പതാക വാഹക കപ്പലായ വിരാട് -1ന് ഒമാൻ തീരത്ത് എൻജിൻ തകരാർ സംഭവിച്ചതായി ഇന്ത്യൻ എംബസി അറിയിച്ചു. 14 ഇന്ത്യക്കാരാണ് കപ്പലിൽ ഉള്ളത്. 11 ജീവനക്കാരെ സുരക്ഷിതമായി മാറ്റിയതായി എംബസി അറിയിച്ചു. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.